"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഷൊർണ്ണൂർ എസ്.എൻ.റ്റി. ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ജൂനിയർ(മാത്സ്) ശ്രീമതി. ബീന എസ്. ഫയൽ ചെയ്ത WP(C)No. 21569/2023-മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 04.07.2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.4187/2024/GEDN തീയതി,തിരുവനന്തപുരം, 03-07-2024**

പരാമർശം:-

1. പാലക്കാട് ഷൊർണ്ണൂർ എസ്.എൻ.റ്റി. ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ജൂനിയർ(മാത്സ്) ശ്രീമതി. ബീന എസ്. സർക്കാരിൽ സമർപ്പിച്ച 02/06/2018 തീയതിയിലെ പുന:പരിശോധനാ ഹർജി.(EXT P5)
2. WP(C)No. 21569/2023-മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 04.07.2023 തീയതിയിലെ വിധിന്യായം
3. മലപ്പുറം ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ 20/09/2023 തീയതിയിലെ ആർഡിഡിഎച്ച്എസ്സ്ഇ/എംഎൽ പിഎം/2674/2023- ഇ നമ്പർ കത്ത്.

   പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കൻഡറി വിഭാഗം)
4. 20/09/2023 തീയതിയിലെ എസിഡി-ബി3/9812/2023/എച്ച് എസ്സ് ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ഷൊർണ്ണൂർ എസ്.എൻ.റ്റി. ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ജൂനിയർ(മാത്സ്) ശ്രീമതി. ബീന എസ്. ഫയൽ ചെയ്ത WP(C)No.21569/2023-മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരിയെയും 4-ാം എതിർകക്ഷിയായ കോർപ്പറേറ്റ് മാനേജരെയും കേട്ട ശേഷം, പരാമർശം 1 പുന:പരിശോധനാ ഹർജി (EXT P5) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, 21.09.2023 തീയതിയിൽ ഹർജിക്കാരി, ഹർജിക്കാരിയുടെ പ്രതിനിധി, കോർപ്പറേറ്റ് മാനേജരുടെ പ്രതിനിധി, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും(ഹയർ സെക്കൻഡറി വിഭാഗം), ഹയർ സെക്കൻഡറി വിഭാഗം മേഖലാ ഉപമേധാവിയുടെയും പ്രതിനിധികൾ എന്നിവരെ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയായ ശ്രീമതി. ബീന എസ്.ന്റെ അപേക്ഷ ഇപ്രകാരമാണ് :**

"പാലക്കാട് ജില്ല ഷൊർണ്ണൂർ എസ്.എൻ.റ്റി. ഹയർ സെക്കൻഡറി സ്കൂൾ മലപ്പുറം ആർ.ഡി.ഡി.യുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. 20.11.2000 മുതൽ എച്ച്.എസ്.എ.(കണക്ക്) അദ്ധ്യാപികയായി കോർപ്പറേറ്റ് മാനേജരുടെ കീഴിലുള്ള മെഴുവേലി പി.എച്ച്.എസ്. സ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. 4.11.2013 മുതൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)(കണക്ക്) അദ്ധ്യാപികയായി ബൈട്രാൻസ്ഫർ നിയമനം നൽകി. മേൽ 2 നിയമനങ്ങളും അംഗീകരിച്ചിട്ടുള്ളതാണ്. എച്ച്.എസ്.എ. ആയി തുടരവെ 8 വർഷം സർവ്വീസ് പിന്നിട്ടപ്പോൾ ഒന്നാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു. പിന്നീട് എച്ച്.എസ്.എ.കാറ്റഗറിയിൽ 15 വർഷം സർവ്വീസ് പൂർത്തിയാകുന്നതിനു മുമ്പ് സർവ്വീസിൽ കയറിയ 13-ാമത്തെ വർഷത്തിൽ എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിച്ചു. എച്ച്.എസ്.എ. ഹയർ ഗ്രേഡിലേയും എച്ച്.എസ്.എസ്സ്.റ്റി. ജൂനിയറുടെയും ശമ്പളസ്കെയിൽ ഒന്ന് തന്നെ ആയിരുന്നു. അതിനാൽ എച്ച്.എസ്.എ. സർവ്വീസിൽ നിന്നും 13-ാമത്തെ വർഷം എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയി ബൈട്രാൻസ്ഫർ നിയമനം ലഭിച്ചുവെങ്കിലും ടി തസ്തികയിലെ ആനുകൂല്യങ്ങളൊന്നും ലഭിച്ചില്ല. പ്രൊമോഷൻ സമയത്ത് ശമ്പളം 16980-31360 എന്ന സ്കെയിലിൽ 20240/- രൂപ ആയിരുന്നു. എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) ശമ്പളസ്കെയിലും ഒന്ന് തന്നെ ആയിരുന്നതിനാൽ ടിയാരിക്ക് ചട്ടം 28 എ പ്രകാരമുള്ള ശമ്പളനിർണ്ണയ ആനുകൂല്യങ്ങൾ ലഭിച്ചില്ല. ഇത്തരം സാഹചര്യങ്ങളിൽ ലോവർ സ്കെയിലിലെ ഇൻക്രിമെന്റ് തീയതിയിൽ മാറ്റമില്ലാതെ ഒരു അഡ്വാൻസ് ഇൻക്രിമെന്റിന് അർഹത ഉണ്ട്. അതിനാൽ 20.11.2015 തീയതി എച്ച്.എസ്.എ. സർവ്വീസിലെ രണ്ടാമത്തെ ഹയർ ഗ്രേഡ് ആവശ്യപ്പെട്ടുകൊണ്ട് ആർ.ഡി.ഡി.ക്ക് അപേക്ഷ സമർപ്പിച്ചു. എന്നാൽ 01.07.2014-നു ശേഷം തസ്തികമാറ്റം വഴി പ്രൊമോഷൻ ലഭിച്ചവർക്ക് മാത്രമേ അഡ്വാൻസ് ഇൻക്രിമെന്റിന് അർഹതയുള്ളൂ എന്ന നിഗമനത്തിലാണ് ടിയാരിയെ കേൾക്കാതെ അപേക്ഷ നിരസിച്ചിട്ടുള്ളത്. ആർ.ഡി.ഡി.യുടെ ഉത്തരവിനെതിരെ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും അത് നിരസിച്ചു.

04.11.2013 മുതൽ എച്ച്.എസ്.എസ്.റ്റി. ആയി പ്രമോഷൻ ലഭിച്ചതിന് യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും ലഭിച്ചില്ല. എച്ച്.എസ്.എ.(ഹയർ ഗ്രേഡ്)നു ലഭിച്ചിരുന്ന ശമ്പളവും എച്ച്.എസ്.എസ്.റ്റി.ജൂനിയറുടെ ശമ്പളവും ഒരേ സ്കെയിലാണ്. അതിനാൽ ശ്രീമതി ബീനയ്ക്ക് എച്ച്.എസ്.റ്റി ജൂനിയറായി ബൈട്രാൻസ്ഫർ നിയമനം ലഭിച്ചതിനാൽ റൂൾ 28എ-യുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയോ അല്ലെങ്കിൽ എച്ച്.എസ്.എ. കണക്ക് തസ്തികയിലേക്ക് തരംതാഴ്ത്തുകയോ ചെയ്യുവാൻ ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

**3. വിദ്യാഭ്യാസ ഓഫീസർമാർ ലഭ്യമാക്കിയ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

"ശ്രീമതി ബീന എസ്. മലപ്പുറം മേഖലാ ഉപമേധാവിയുടെ അധികാരപരിധിയിലുള്ള പാലക്കാട് ഷൊർണ്ണൂർ എസ്.എൻ. ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.എസ്.ടി. ജൂനിയർ ഗണിതം ആയി തസ്തികമാറ്റ നിയമനം വഴി 4/11/2013-ൽ

നിയമിതയായി കാണുന്നു. 1/6/2016 ശ്രീമതി ബീന എസ്., എസ്.എൻ.ട്രസ്റ്റ് സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള പുനലൂർ എസ്.എൻ. ട്രസ്റ്റ് എച്ച്.എസ്.എസ്.ലേക്ക് സ്ഥലംമാറ്റം ചെയ്യപ്പെട്ടിരുന്നു. പിന്നീട് ജൂൺ 2023-ൽ പാലക്കാട് ഷൊർണ്ണൂർ എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് സ്ഥലം മാറ്റം വഴി നിയമിതയാവുകയും നിലവിൽ ഈ സ്കൂളിൽ ജോലി ചെയ്തു വരുന്നതായും ബോധിപ്പിക്കുന്നു.

രേഖകൾ പരിശോധിച്ചതിൽ ഡബ്ല്യൂ.പി.(സി)നം.21569/2023-ന് ആസ്പദമായ ശ്രീമതി ബീന എസ്.ന്റെ അഡ്വാൻസ് ഇൻക്രിമെന്റിനുള്ള അപേക്ഷയും, എച്ച്എസ്എ സർവീസും എച്ച്.എസ്.എസ്.ടി ജൂനിയർ സർവീസും ചേർത്ത് ഗ്രേഡ് അനുവദിക്കുവാനുള്ള അപേക്ഷയും തിരുവനന്തപുരം മേഖലാ ഉപമേധാവിയുടെ കാര്യാലയം മുമ്പാകെ സമർപ്പിച്ചതായും അത് ടി കാര്യാലയത്തിൽ നിന്നും നിരസിച്ചതായും കാണുന്നു. മേപ്പടി നടപടിക്കെതിരായി ശ്രീമതി ബീന എസ്. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും അതും നിരസിക്കപ്പെട്ടതായി കാണുന്നു. ശ്രീമതി. ബീന എസ്. സർക്കാർ മുമ്പാകെ സമർപ്പിച്ച 2/6/2018-ലെ പെറ്റീഷൻ പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല.

2016-ലെ ജി.ഒ.(പി)നം.7/2016/ഫിൻ പ്രകാരം തസ്തികമാറ്റം വഴി പ്രൊമോഷൻ ലഭിച്ചവർക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അർഹതയുണ്ട്. എന്നാൽ ടി ഉത്തരവിന്റെ പ്രാബല്യം 1/7/2014 മുതൽക്ക് മാത്രമാണ്. ശ്രീമതി ബീന എസ്.ന്റെ തസ്തികമാറ്റ നിയമനം 4/11/2013-ൽ ആകയാൽ ടിയാരിക്ക് അഡ്വാൻസ് ഇൻക്രിമെന്റിനുള്ള അർഹതയില്ല. മാത്രമല്ല, എച്ച്.എസ്.എ.സർവീസും എച്ച്.എസ്.എസ്.ടി.സർവീസും ചേർത്ത് ഗ്രേഡ് അനുവദിക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആകയാൽ ശ്രീമതി. ബീന എസ്.ന്റെ നിവേദനം പരിഗണന അർഹിക്കുന്നില്ല എന്ന് ബോധിപ്പിക്കുന്നു."

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും അവർ സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. എച്ച്.എസ്.എ.(മാത്സ്) അധ്യാപികയായിരുന്ന ഹർജിക്കാരിക്ക് 04.11.2013 മുതൽ എച്ച്.എസ്.എസ്.ടി. ജൂനിയർ (മാത്സ്) ആയി ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിച്ചെങ്കിലും യാതൊരു സാമ്പത്തികാനുകൂല്യങ്ങളും ലഭിക്കാത്തതിനാൽ റൂൾ 28A-യുടെ ആനുകൂല്യങ്ങൾ അനുവദിക്കുകയോ അല്ലെങ്കിൽ എച്ച്.എസ്.എ. (മാത്സ്) തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയോ ചെയ്യണമെന്നതാണ് ഹർജിയിലെ ആവശ്യം.

**5.** പത്തനംതിട്ട മെഴുവേലി പി.എച്ച്.എസ്. സ്കൂളിൽ ഹർജിക്കാരി 20.11.2000 മുതൽ എച്ച്.എസ്.എ. (മാത്സ്) ആയി ജോയിൻ ചെയ്തു; അംഗീകാരം ലഭിച്ചിട്ടുണ്ട്. പാലക്കാട് ഷൊർണ്ണൂർ എസ്.എൻ.റ്റി.എച്ച്.എസ്.എസ്.ൽ 04.11.2013 മുതൽ എച്ച്.എസ്.എസ്.ടി. ജൂനിയർ (മാത്സ്) ആയി ടിയാരിക്ക് ബൈട്രാൻസ്ഫർ നിയമനം നൽകി; അംഗീകാരം ലഭിച്ചിട്ടുണ്ട്. ടിയാരിക്ക് എച്ച്.എസ്.എ. തസ്തികയിൽ 8 വർഷ ഗ്രേഡ് (32300-68700) സ്കെയിലിൽ (എച്ച്.എസ്.എസ്.ടി. ജൂനിയർ-ന്റെ സമാന സ്കെയിൽ) ലഭിച്ചിട്ടുള്ളതിനാൽ 28 A പ്രകാരം അനുവദിക്കാൻ വ്യവസ്ഥയില്ലെന്നും, റൂൾ 30

പ്രകാരമാണ് ശമ്പളനിർണ്ണയം നടത്തി ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ, ഹർജിക്കാരിയുടെ ബൈട്രാൻസ്ഫർ നിയമനം 04.11.2013-ൽ ആകയാൽ, G.O.(P)No.7/2016/Fin പ്രകാരം 01.07.2014 മുതൽ പ്രാബല്യമുള്ള ബൈട്രാൻസ്ഫർ പ്രൊമോഷൻകാർക്ക് നൽകുന്ന അഡ്വാൻസ് ഇൻക്രിമെന്റിന് അർഹതയില്ലെന്നും മാത്രമല്ല, എച്ച്.എസ്.എ. സർവ്വീസും എച്ച്.എസ്.എസ്.ടി. സർവ്വീസും ചേർത്ത് ഗ്രേഡ് അനുവദിക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6.** എച്ച്.എസ്.എ. തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ 2015-ൽ ടിയാരിക്ക് 15 വർഷ ഗ്രേഡ് 35700-75600 ശമ്പളസ്കെയിലിൽ ലഭിക്കുമായിരുന്നുവെന്നും, 2013-ൽ തസ്തികമാറ്റം ലഭിച്ചപ്പോൾ ഒരു അഡ്വാൻസ് ഇൻക്രിമെന്റ് പോലും ലഭിക്കാത്തതിനാൽ ടിയാരിക്ക് ജൂനിയർ അധ്യാപകർ വാങ്ങുന്നതിനേക്കാൾ താഴ്ന്ന ശമ്പളമാണ് ലഭിക്കുന്നതെന്നും, PRO 1997 പ്രകാരം additional increment-ന് അർഹതയുണ്ടെന്നും, ഇതേ സ്വഭാവത്തിലുള്ള പല കേസുകളിലും ഹർജിക്കാർക്ക് അനുകൂലമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്നും, ടിയാരിക്കും നീതി ഉറപ്പു വരുത്തണമെന്നും ഹർജിക്കാരി കൂടിക്കാഴ്ചയിൽ അഭിപ്രായപ്പെട്ടു.

**7.** ഹർജിക്കാരി ജൂനിയർ അധ്യാപകരെക്കാൾ താഴ്ന്ന ശമ്പളമാണ് കൈപ്പറ്റുന്നതെന്നും; ടി അനോമലി പരിഹരിച്ചു നൽകണമെന്നും, ടിയാരിയെ താഴ്ന്ന തസ്തികയിലേയ്ക്ക് തരംതാഴ്ത്തിയാൽ നിലനിർത്തുവാൻ തസ്തിക ലഭ്യമല്ലെന്നും ഹിയറിങ്ങിൽ മാനേജർ അറിയിച്ചു.

**8.** G.O.(P)No.7/2016/Fin പ്രകാരം, എച്ച്.എസ്എസ്.ടി.യിൽ നിന്നും പ്രിൻസിപ്പാൾ ആകുന്നത് പ്രൊമോഷനായി കണക്കാക്കാമെന്നും; എന്നാൽ എച്ച്.എസ്.എ.യിൽ നിന്നും എച്ച്.എസ്.എസ്.ടി. (ജൂനിയർ) ആകുന്നതും എച്ച്.എസ്.എസ്.ടി.(ജൂനിയർ)-ൽ നിന്നും എച്ച്.എസ്.എസ്.ടി. ആകുന്നതും തസ്തികമാറ്റം മാത്രമായേ കണക്കാക്കാൻ കഴിയൂ എന്നും, അതിനാൽ ഹർജിക്കാരി അഡ്വാൻസ് ഇൻക്രിമെന്റിന് അർഹയല്ല എന്നും ഡയറക്ടർ കൂടിക്കാഴ്ചയിൽ അറിയിച്ചു.

**9.** മേൽ സാഹചര്യത്തിൽ, എച്ച്.എസ്.എ. സർവീസും, എച്ച്.എസ്.എസ്.ടി. സർവീസും ചേർത്ത് ഗ്രേഡ് അനുവദിക്കുന്നത് ക്രമപ്രകാരമല്ലാത്തതിനാലും, പത്താം ശമ്പളപരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 43 പ്രകാരം സമാന ശമ്പളസ്കെയിലുള്ള തസ്തികകളിലേക്കുള്ള ബൈ-ട്രാൻസ്ഫർ നിയമനങ്ങൾക്ക് 01.07.2014 മുതൽ ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദനീയമാണെങ്കിലും ടി ആനുകൂല്യം ഒൻപതാം ശമ്പളപരിഷ്കരണ കാലയളവിൽ അനുവദനീയമല്ലാത്തതിനാൽ എച്ച്.എസ്.എ.(ഹയർ ഗ്രേഡ്) തസ്തികയിൽ നിന്നും സമാന ശമ്പളസ്കെയിലുള്ള എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)

തസ്തികയിലേക്ക് 04.11.2013-ൽ ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ച ഹർജിക്കാരി ശ്രീമതി. ബീന എസ്സ്.ന് അഡ്വാൻസ് ഇൻക്രിമെന്റിന് അർഹതയില്ലാത്തതിനാലും, ഹർജിക്കാരിയെ ഹൈസ്കൂൾ ടീച്ചറായി തരംതാഴ്ത്തി നിയമിക്കുന്നതിന് ഒരു തസ്തിക ആവശ്യമാണെന്നിരിക്കേ തസ്തികയുടെ അഭാവത്തിൽ തരംതാഴ്ത്തി നിയമിക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാകയാലും, പാലക്കാട് ഷൊർണ്ണൂർ എസ്.എൻ.റ്റി. ഹയർ സെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ജൂനിയർ(മാത്സ്) ശ്രീമതി. ബീന എസ്. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജിയിലെ(Ext P5) അവശ്യങ്ങൾ പരിഗണനാർഹമല്ലാത്തതിനാൽ അവ നിരസിച്ച് തീർപ്പാക്കി, അപ്രകാരം ബഹു കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലാ ഉപമേധാവി,
സിവിൽ സ്റ്റേഷൻ,മലപ്പുറം
കോർപ്പറേറ്റ് മാനേജർ, എസ്.എൻ. ട്രസ്റ്റ് സ്കൂൾസ്, കൊല്ലം.
പ്രിൻസിപ്പൽ, എസ്.എൻ.റ്റി. ഹയർ സെക്കൻഡറി സ്കൂൾ,
ഷൊർണ്ണൂർ, പാലക്കാട്.
ശ്രീമതി. ബീന എസ്, ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ
ജൂനിയർ(മാത്സ്), എസ്.എൻ.റ്റി. ഹയർ സെക്കൻഡറി
സ്കൂൾ, ഷൊർണ്ണൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
ധനകാര്യ (വിദ്യാഭ്യാസ-ബി) വകുപ്പ് (12/06/2024-ലെ
ഇഡിഎൻ-ബി1/161/2024/Fin.(E 2762657) പ്രകാരം).
പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ് (01/04/2023-ലെ
ജെഎ2/352/2023/പൊവിവ. പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് / [B3/193/2023/GEdn]

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 04-07-2024 11:41:18
സെക്ഷൻ ഓഫീസർ